# റിസർവ് ബാങ്ക് ഓഫ് ഇന്ത്യ

ജൂൺ 14, 2017

**ബാങ്കിംഗ് റഗുലേഷൻ നിയമം 1949 (എ.എ.സി.എസ്) പ്രകാരം സൻമിത്ര സഹകാരി ബാങ്ക്, മരിയാദിത്, മുംബൈ, മഹാരാഷ്ട്രക്ക് നൽകുന്ന നിയന്ത്രണ നിർദ്ദേശം.**

2016 ജൂൺ 14 ന്റെ ബിസിനസ് സമയത്തിനുശേഷം ആറുമാസത്തേക്ക് സൻമിത്ര സഹകാരി ബാങ്ക്, മര്യാദിത്, മുംബൈ, മഹാരാഷ്ട്രയെ 2016 ജൂൺ 14 ന്റെ നിർദ്ദേശമനുസരിച്ച് പ്രത്യേക നിയന്ത്രണത്തിൽ കൊണ്ടുവന്നിരുന്നു. 2016 ഡിസംബർ 7-ന്റെ ഉത്തരവു പ്രകാരം പ്രസ്തുത നിർദ്ദേശത്തിന്റെ കാലാവധി 6 മാസം കൂടി നീട്ടി നൽകിയിരുന്നു. 2016 ജൂൺ 14 ലെ നിർദ്ദേശവും ഡിസംബർ 7 ലെ കാലാവധി നീട്ടിയ നിർദ്ദേശവും പുനരാലോചനയ്ക്കു വിധേയമാക്കി ജൂൺ 15 മുതൽ സെപ്തംബർ 14 വരെ മൂന്നു മാസത്തേക്കു കൂടി 2017 ജൂൺ 8 ന്റെ ഉത്തരവനുസരിച്ച് നീട്ടിയിരിക്കുന്നതായി പൊതുസജനങ്ങളുടെ അറിവിലേക്കായി വിളംബരം ചെയ്യുന്നു.

മേൽ സൂചിപ്പിച്ച നിർദ്ദേശത്തിന്റെ മറ്റ് ഉപാധികൾക്കും നിബന്ധന കൾക്കും മാറ്റമുണ്ടാകില്ല.

2017 ജൂൺ 8 ന്റെ മാറ്റം വരുത്തിയ നിർദ്ദേശത്തിന്റെ ഒരു കോപ്പി പൊതുജനങ്ങളുടെ അറിവിലേക്കായി ബാങ്കിന്റെ നോട്ടീസ് ബോർഡിൽ പതി പ്പിച്ചിട്ടുണ്ട്.

റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ മേൽ സൂചിപ്പിച്ച മാറ്റങ്ങളിൽ നിന്നും ബാങ്കിന്റെ സാമ്പത്തിക സ്ഥിതി കാര്യമായി മെച്ചപ്പെട്ടുവെന്നും അതിൽ റിസർവ് ബാങ്ക് സംതൃപ്തരാണെന്നും കരുതാൻ പാടില്ലാത്തതാകുന്നു.

**അനിരുദ്ധ സി ജാദവ്**
അസിസ്റ്റന്റ് മാനേജർ

പത്രപ്രസ്താവന **2016-2017/3375**